# ദൈവരാജ്യ വ്യാപ്തിക്കായി അദ്ധ്വാനിക്കുക

എസ്രാ 7:23

"സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കൽപനപ്രകാരം സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ആലയത്തിന്നു അവകാശമുള്ളതൊക്കെയും കൃത്യമായി ചെയ്യേണ്ടതാകുന്നു."

അദ്ധ്യായം 7 തുടങ്ങുമ്പോൾ നാം കാണുന്നത്, ബാബേലിൽ നിന്ന് യെഹൂദ്യയിലേക്കുള്ള എസ്രായുടെ മടങ്ങിവരവാണ്. അന്നു പേർഷ്യൻ സാമ്രാജ്യത്തിന്റെ അധിപനായിരുന്ന അർത്ഥഹ്ശഷ്ടാ രാജാവ്, എസ്രയ്ക്ക് നൽകുന്ന എഴുത്തിന്റെ പകർപ്പിലുള്ള ഒരു വാക്യമാണ് നാം മേൽ വായിച്ചു കണ്ടത്. ദൈവീക കാര്യങ്ങൾക്കു കൊടുക്കേണ്ടുന്ന പ്രാധാന്യം അടിവരയിടുന്ന ഒരു പ്രസ്താവനയാണ് ഇവിടെയുള്ളത്. ബാബിലോണ്യൻ സാമ്രാജ്യാധിപനായിരുന്ന നെബുഖെദ്നേസെറിന്റെ അധിനിവേശത്തെ തുടർന്ന്, യെഹൂദ്യയിൽ നിന്ന് പ്രവാസത്തിലേക്ക് കൊണ്ടുവന്ന ജനത്തെ, മടക്കി അയച്ചത് പേർഷ്യൻ ചക്രവർത്തിമാരായിരുന്നു. അതിശക്തമായിരുന്ന ബാബിലോൺ സാമ്രാജ്യം, കാര്യമായ യുദ്ധമോ രക്തച്ചൊരിച്ചിലോ ഇല്ലാതെ, ഒറ്റരാത്രി കൊണ്ട് പേർഷ്യൻ രാജാക്കന്മാർ പിടിച്ചടക്കിയതിന്നു പിന്നിൽ ദൈവജനത്തിന്റെ വിമോചനവും അവർക്കു ദൈവാലയം പണിയാനുള്ള ദൈവത്തിന്റെ പദ്ധതിയുടെ കരവുമായിരുന്നു എന്ന് നിസംശയം പറയാം.

അധികാരം ഏറ്റയുടൻതന്നെ, യെരുശലേമിൽ ദൈവാലയം പണിയാനുള്ള കൽപന കോരെശ് രാജാവ് നൽകുന്നതു കാണാം. തങ്ങളുടെ രാജ്യത്തിന്മേൽ ദൈവകോപം വരരുതെന്നും, ദൈവത്തിന്റെ അനുഗ്രഹം ഉണ്ടാവണമെന്നും ആഗ്രഹിച്ചു കൊണ്ടാണ് അവർ ഈ കൽപനകൾ നൽകിയത്. ഇതുപോലെ ദൈവത്തെ കൂടാതെയുള്ള പ്രവൃത്തികളെല്ലാം നിഷ്ഫലമാണെന്ന് ഈ കാലഘട്ടത്തിലെ ഭരണാധികാരികളും, മതനേതാക്കളും, മറ്റു നേതൃസ്ഥാനത്തിരിക്കുന്നവരും തിരിച്ചറിഞ്ഞെങ്കിൽ എത്ര നല്ലതായിരുന്നു. സമ്പത്തും, അധികാരവും മാത്രമാണ് ജീവിതത്തിൽ മതിയായതെന്നും, ഇവയുണ്ടെങ്കിൽ എന്തും ചെയ്യാമെന്നും ധരിക്കുന്ന ആധുനിക രഷ്ട്രാധിപന്മാർ, ലോകത്തെ തന്നെ വിനാശത്തിലേക്ക് നയിച്ചു കൊണ്ടിരിക്കുന്നു.

എന്നാൽ ഇതിന്റെ നടുവിൽ കരയുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്ന ദൈവജനം ഉണ്ട് എന്നുള്ളത് ഒരു നഗ്നസത്യമാണ്. അവരുടെ നിലവിളി ദൈവം കേൾക്കുന്നുമുണ്ട്. എന്തൊക്കെ വെല്ലുവിളികൾ ഉണ്ടെങ്കിലും ദൈവരാജ്യത്തിനായി ചെയ്യേണ്ട ദൗത്യങ്ങൾ കണ്ടെത്തി, അത് കൃത്യമായി നിറവേറ്റാൻ നമുക്ക് ധാരാളമായി ശ്രമിക്കാം. അത് നമ്മെ

സൃഷ്ടിക്കുകയും, വീണ്ടെടുക്കയും ചെയ്ത നമ്മുടെ കർത്താവിന്റെ അവകാശവും അതിലുപരി നമുക്ക് അവനോടുള്ള ഉത്തരവാദിത്വവുമാണ്. ആ ഒരു ലക്ഷ്യബോധമുള്ളവരായി, ഒരു പുതുവർഷത്തിലേക്ക് നമുക്ക് കാലെടുത്തു വെയ്ക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

കൊലോസ്സ്യർ 3:23

നിങ്ങൾ ചെയ്യുന്നതു ഒക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന്നു എന്നപോലെ മനസ്സോടെ ചെയ്‌വിൻ. അവകാശമെന്ന പ്രതിഫലം കർത്താവു തരും എന്നറിഞ്ഞു കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ. അന്യായം ചെയ്യുന്നവൻ താൻ ചെയ്ത അന്യായത്തിന്നു ഒത്തതു പ്രാപിക്കും; മുഖപക്ഷം ഇല്ല.

ബ്രദർ. ബിനു ബേബി ആലപ്പുഴ 147